ഇ. എസ്. ഐ. കളിലൂടെ തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ

55. [1837] ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ തൊഴിലാളികൾക്ക് എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് കോർപ്പറേഷൻ എന്തെല്ലാം ആനുകൂല്യങ്ങൾ നൽകിവരുന്നു എന്ന് വ്യക്തമാക്കാമോ ;

(ബി) ഏതെല്ലാം വിഭാഗത്തിൽപ്പെട്ട തൊഴിലാളികൾക്കാണ് ആനുകൂല്യങ്ങൾ ലഭിക്കുന്നത് എന്ന് വ്യക്തമാക്കാമോ ;

(സി) എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് പദ്ധതിയുടെ ആനുകൂല്യം സംസ്ഥാനത്ത് എത്ര തൊഴിലാളികൾക്ക് ബാധകമാക്കിയിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 1948-ലെ ഇ. എസ്. ഐ. ആക്ട് അനുസരിച്ച് താഴെ പറയുന്ന ഏഴു വിധത്തിലുള്ള ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ട്.

(1) മെഡിക്കൽ ആനുകൂല്യം
(2) സിക്ക്നസ് ആനുകൂല്യം (സാമ്പത്തികം)
(3) മെറ്റേണിറ്റി ആനുകൂല്യം (സാമ്പത്തികം)
(4) ഡിസേബിൾമെന്റ് ആനുകൂല്യം (സാമ്പത്തികം)
(5) ഡിപ്പെൻഡൻറ് ആനുകൂല്യം (സാമ്പത്തികം)
(6) ഫ്യൂണറൽ ആനുകൂല്യം (സാമ്പത്തികം)
(7) റൊക്കേഷണൽ റീഹാബിലിറ്റേഷൻ അലവൻസ് (സാമ്പത്തികം)

(ബി) 10 തൊഴിലാളികളും വൈദ്യുതി ഉപയോഗമുള്ളതുമായ ഫാക്ടറികൾ, ഇരുപതിൽ കൂടുതൽ തൊഴിലാളികളും വൈദ്യുതി ഉപയോഗിക്കാത്തതുമായ ഫാക്ടറികൾ, ഇരുപതിൽകൂടുതൽ ജീവനക്കാരുള്ള ഹോട്ടലുകൾ റസ്റ്റാറന്റുകൾ, സിനിമാ തീയേറ്ററുകൾ, ന്യൂസ് പേപ്പർ സ്ഥാപനങ്ങൾ തുടങ്ങിയവയെ ഇ.എസ്.ഐ. സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇവരിൽ തന്നെ പ്രതിമാസം 3,000 രൂപയിൽ കൂടുതൽ വരുമാനമുള്ളവരെ പ്രസ്തുത സ്കീമിൽ ഉൾപ്പെടുത്തിയിട്ടില്ല.

(സി) 31-3-1995-ലെ കണക്കനുസരിച്ച് 4,26,300 തൊഴിലാളികൾക്ക് ഇ.എസ്.ഐ. പദ്ധതിയുടെ ആനുകൂല്യം ബാധകമാക്കിയിട്ടുണ്ട്.

വയസ് തിരുത്തി സർവ്വീസിൽ തുടരുന്ന ഉദ്യോഗസ്ഥൻ

56. [1838] ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും വിനോദസഞ്ചരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എംപ്ലോയ്മെൻറ് വകുപ്പിൽ ഉള്ള ഏതെങ്കിലും ഉദ്യോഗസ്ഥന്റെ പേരിൽ വയസ് തിരുത്തിയെന്ന കാരണത്താൽ പോലീസ് വിജിലൻസ് കേസ് നിലവിലുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥന്റെ പേരും ഔദ്യോഗിക പദവിയും വ്യക്തമാക്കുമോ ;

(സി) ഇദ്ദേഹത്തെ മാറ്റി നിർത്തി അന്വേഷണം ഊർജ്ജിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ, ബി) എംപ്ലോയ്മെന്റ് ജോയിന്റ് ഡയറക്ടർ ശ്രീ. വി. എസ്. ഗോപാലകൃഷ്ണൻ നായരെ സംബന്ധിച്ച് ലഭിച്ച ഒരു പരാതി വിജിലൻസ് വകുപ്പിന്റെ അന്വേഷണത്തിനു് അയച്ചിട്ടുണ്ട്.

(സി) ആവശ്യമുണ്ടെന്നു് തോന്നുന്നില്ല.

എംപ്ലോയ്മെന്റ് വകുപ്പിൽ ശിക്ഷാ നടപടിക്കു് വിധേയനായ ഉദ്യോഗസ്ഥൻ

57. [1839] ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തൊഴിലും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എംപ്ലോയ്മെന്റ് വകുപ്പിൽ സ്റ്റേറ്റ് വിജിലൻസ് ആഫീസർ ആയി ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അദ്ദേഹം ശിക്ഷാ നടപടിക്കു് വിധേയനായ ഉദ്യോഗസ്ഥനാണോ ;

(സി) എങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥനെ ഡിപ്പാർട്ടുമെന്റിലെ വിജിലൻസ് ഫയലുകൾ നോക്കുന്ന ചുമതലയിൽ നിന്നും ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) എംപ്ലോയ്മെന്റ് വകുപ്പിലെ ജോയിന്റ് ഡയറക്ടർ ടി വകുപ്പിന്റെ സ്റ്റേറ്റ് വിജിലൻസ് ഓഫീസർ കൂടിയാണ്.

(ബി) അതേ.

(സി) ഇദ്ദേഹം ഡിവിഷണൽ എംപ്ലോയ്മെന്റ് ആഫീസറായിരുന്ന കാലത്ത് അഡീഷണൽ ചാർജ്ജ് വഹിച്ചിരുന്ന സെക്ഷനിലുണ്ടായ ഒരു പിഴവിന് ഒരു ഇൻക്രിമെന്റ് തടഞ്ഞുവയ്ക്കുകയാണുണ്ടായത്. ഇപ്പോഴത്തെ ചുമതലയിൽ നിന്നൊഴിവാക്കത്തക്ക ഒന്നായി അതിനെ കാണാനാവില്ല.

എംപ്ലോയ്മെന്റ് വകുപ്പിൽ ഡി. പി. സി. കൂടുവാൻ നടപടി

58. [1840] ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തൊഴിലും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എംപ്ലോയ്മെന്റ് വകുപ്പിൽ ഡിപ്പാർട്ടുമെന്റൽ പ്രൊമോഷൻ കമ്മിറ്റി കൂടാതെ നീട്ടികൊണ്ടുപോകുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly